**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2254** **03-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബീച്ചിലെ അനധികൃത തട്ടുകടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ബീച്ചിൽ പ്രവർത്തിക്കുന്ന അനധികൃത തട്ടുകടകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനോ ക്രമവൽക്കരിക്കുന്നതിനോ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കോഴിക്കോട് ബീച്ചിൽ കോർപ്പറേഷൻ 2021ൽ നടത്തിയ വഴിയോര കച്ചവട സർവ്വേയിൽ കണ്ടെത്തിയ 90 പേർക്കു കോർപ്പറേഷൻ തിരിച്ചറിയൽ കാർഡ്, ലൈസൻസ് എന്നിവ അനുവദിച്ചിട്ടുണ്ട്. നിലവിൽ കോഴിക്കോട് ബിച്ചിൽ എൻ.യു.എൽ.എം, എൻ.എച്ച്.എം എന്നീ പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് വെന്റിംഗ് മാർക്കറ്റ് കം ഫുഡ് സ്ട്രീറ്റ് പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ടി പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബീച്ചിലെ മുഴുവൻ അംഗീകൃത കച്ചവടക്കാരെയും ഒരേ സ്ഥലത്ത് കൊണ്ട് വരുവാൻ സാധിക്കുന്നതാണ്. |
| (ബി) | അനധികൃത കച്ചവടങ്ങൾ വർദ്ധിച്ചുവരുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | കോഴിക്കോട് കോർപ്പറേഷൻ നടത്തിയ വഴിയോര കച്ചവട സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട ആളുകൾക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ടി പ്രവർത്തനം പൂർത്തീകരിക്കുന്ന മുറയ്ക്ക് അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ടൌൺ വെന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ